LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഓൺലൈൻ വഴി ബുക്ക് ചെയ്യുന്ന സാധനങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്ന് റോഡ്/റെയിൽ/കപ്പൽ/വിമാന മാർഗ്ഗങ്ങൾ വഴി കേരളത്തിലേക്ക് കൊണ്ടു വരുമ്പോൾ അത് നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ വാണിജ്യ നികുതി വകുപ്പിനുണ്ട്. റോഡ് മാർഗ്ഗം കൊണ്ടുവരുന്ന സാധനങ്ങൾ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി നിയമപ്രകാരമുള്ള രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്തിയതിനു ശേഷമാണ് കടത്തിവിടുന്നത്. റെയിൽ/കപ്പൽ/വിമാന മാർഗ്ഗങ്ങൾ വഴി സംസ്ഥാനത്തിനകത്തേയ്ക്ക് സാധനങ്ങൾ കൊണ്ടുവരുമ്പോൾ ഓൺലൈൻ ഫയലിംഗിലൂടെ മുൻകൂറായി ഡിക്ലറേഷൻ സമർപ്പിക്കേണ്ടതാണ്. അല്ലാതെയുള്ള സാധനങ്ങൾ സംസ്ഥാനത്തിനകത്തേയ്ക്ക് കൊണ്ടുവന്നാൽ നിയമപ്രകാരം പിഴ ഈടാക്കാറുണ്ട്. പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളിൽ വാണിജ്യ നികുതി വകുപ്പിന്റെ ചെക്കിംഗ് കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വാണിജ്യ നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം, ഇങ്ങനെയുള്ള ചരക്ക് നീക്കങ്ങൾ നിരീക്ഷിക്കുകയും നികുതി വെട്ടിപ്പ് കണ്ടെത്തിയാൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി&ഡി) ഓൺലൈൻ വ്യാപാരം സംബന്ധിച്ച നിരീക്ഷണവും നിയന്ത്രണവുംവഴി സംസ്ഥാനത്തിന് ഉണ്ടാകുന്ന നികുതി വരുമാന വർദ്ധനവ് തിട്ടപ്പെടുത്തിയിട്ടില്ല. ഓൺലൈൻ സംവിധാനത്തിലൂടെ സാധനങ്ങൾ ഓർഡർ ചെയ്ത് അന്യസംസ്ഥാനങ്ങളിൽനിന്ന് ക്യാഷ്-ഓൺ-ഡെലിവറി സംവിധാനം മുഖേന സംസ്ഥാനത്ത് ചരക്കുകൾ എത്തിച്ച് വിൽക്കുന്ന സമ്പ്രദായം കേരള മൂല്യ വർദ്ധിത നികുതി നിയമത്തിന്റെ പരിധിയിൽ വരും എന്നുകാണിച്ച് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം വിൽപ്പന വില സ്വീകരിച്ച ഇടനിലക്കാരായ ചില ട്രാൻസ്പോർട്ടർമാർക്ക് മേൽ പിഴ ചുമത്തിയിട്ടുണ്ട്. ഇതിന്റെ നിയമസാധുത ചോദ്യം ചെയ്ത് അവർ സമർപ്പിച്ച ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

വ്യാപാര മേഖലയിൽഓൺലൈൻ ഡെലിവറി നോട്ട് സംവിധാനം

135 (7971) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരമേഖലയിൽ ഓൺലൈൻ ഡലിവറി നോട്ട് സംവിധാനം നിർബന്ധമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) നികുതി വെട്ടിപ്പ് തടയുവാൻ ഇത് എത്രമാത്രം സഹായിക്കുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) കേരള മൂല്യ വർദ്ധിത നികുതി നിയമമനുസരിച്ച് നോട്ടിഫൈഡ് ഗ്രഡ്സ് കൊണ്ടുപോകുമ്പോൾ ഫാറം 15 പ്രകാരമുള്ള ഡെലിവറി നോട്ട് നിർബന്ധമാണ്. കൂടാതെ വിൽപ്പനയല്ലാതെയുള്ള ചരക്കുകളുടെ സംസ്ഥാന ത്തിനകത്തുള്ള ട്രാൻസ്പോർട്ടേഷനും ഇത് അത്യാവശ്യമാണ്. വാണിജ്യ നികുതി വകുപ്പിൽ നികുതി ഭരണം കമ്പ്യൂട്ടർവത്ക്കരിച്ചതിന്റെ ഭാഗമായിട്ടാണ് ഓൺലൈൻ വഴി ഫാറങ്ങൾ ഡൗൺലോഡ് ചെയ്യാനുള്ള സംവിധാനം നിലവിൽ വന്നത്. ഇതേത്തുടർന്നാണ് ഓൺലൈൻ ഡെലിവറി നോട്ട് സംവിധാനം നിർബന്ധ മാക്കിയത്. റബ്ബർ, സിമന്റ്, ഹൈഡ്സ് ആന്റ് സ്കിൻ എന്നിവയൊഴിച്ചുള്ള ചരക്കുകൾക്ക് ഓൺലൈൻ ഡെലിവറി നോട്ട് നിർബന്ധമാക്കിയിട്ടുണ്ട്.

(ബി-ഡി) ഓൺലൈൻ ഡെലിവറി നോട്ട് നടപ്പിലാക്കിയപ്പോൾ പരിശോധന സ്ക്വാഡിലെ ഉദ്യോഗസ്ഥർക്ക് നൽകിവിട്ടുള്ള ലാപ്ടോപ്പ് ഉപയോഗിച്ച് യാത്രാമദ്ധ്യേതന്നെ ഡെലിവറി നോട്ട് പരിശോധിക്കുവാൻ കഴിയും. പ്രിന്റഡ് ഡെലിവറി നോട്ടിനെ സംബന്ധിച്ച് ട്രാൻസ്പോർട്ടിംഗ് കോപ്പിയിലും റിട്ടേണിനോടൊപ്പം ഫയൽ ചെയ്യുന്ന കോപ്പിയിലും തിരുത്തലുകൾ വരുത്തിയുള്ള നികുതി വെട്ടിപ്പിന് സാദ്ധ്യതയുണ്ട്. അതുപോലെതന്നെ ഡെലിവറി നോട്ടിൽ ക്വാണ്ടിറ്റി, പുറപ്പെടുന്ന തീയതി, സമയം എന്നിവയിലും ഇത്തരം തിരുത്തലുകൾ വരുത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഓൺലൈൻ ഡെലിവറി നോട്ട് സംവിധാന ത്തിലൂടെ ഇത്തരത്തിലുള്ള തിരുത്തലുകൾക്കുള്ള സാദ്ധ്യത ഒഴിവാക്കാവുന്നതാണ്. വ്യാജമായ രേഖകളുപയോഗിച്ച് ചരക്ക് കടത്തുന്നതും നികുതിവെട്ടിപ്പും തടയാൻ ഒരു പരിധിവരെ ഇതുവഴി സാധിച്ചിട്ടുണ്ട്. റബ്ബർ, സിമന്റ്, ഹൈഡ്സ് ആന്റ് സ്കിൻ എന്നിവയൊഴിച്ചുള്ള ചരക്കുകൾക്ക് ഓൺലൈൻ ഡെലിവറി നോട്ട് നിർബന്ധമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly